106 (1838) പച്ചക്കറി ഉല്പാദനം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആവശ്യത്തിന് ഒരു വർഷം എത്ര ടൺ പച്ചക്കറി വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 13.5 ലക്ഷം ടൺ.

(ബി) 1998-99-ൽ 11.56 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു.

107 (1839) പച്ചക്കറി കൃഷിക്ക് സബ്സിഡി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷിക്ക് സബ്സിഡി നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്രരൂപയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി പ്രകാരം, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഹരിത സംഘങ്ങളാണ് പച്ചക്കറി കൃഷി നടത്തുന്നത്. ഇത്തരം സംഘങ്ങൾക്ക് വിത്ത്, വളം, കീടനാശിനി പന്തൽ ജലസേചന സൗകര്യം എന്നിവയ്ക്ക് ഹെക്ടർ ഒന്നിന് 30% നിരക്കിൽ പരമാവധി 10000/- രൂപ സബ്സിഡി നൽകുന്നു. കൂടാതെ സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി 50% സബ്സിഡിയോടെ പരമാവധി 800 രൂപ ഒരു സ്പ്രെയർ വാങ്ങുന്നതിനും നൽകുന്നു.

108 (1840) പച്ചക്കറി ഉല്പാദനത്തിന് ഗ്രീൻ ഹൗസ്

ശ്രീ.ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനം എത്ര ടൺ വർദ്ധിച്ചിട്ടുണ്ട്;

(ബി) പച്ചക്കറി ഉൽപ്പാദനത്തിന് ഗ്രീൻ ഹൗസ് സ്ഥാപിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ട്; സംസ്ഥാനത്ത് എത്ര ഏരിയായിൽ ഗ്രീൻഹൗസ് സ്ഥാപിച്ചിട്ടുണ്ട്;

(സി) ഗ്രീൻഹൗസ് കൂടുതൽ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly